2004-05 വർഷം ഹാജിമാർക്ക് ജിദ്ദ എയർപോർട്ടിൽ നേരിടേണ്ടിവന്ന പ്രയാസങ്ങൾ

36 [2173] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 2004-05 വർഷം കേരള ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് പോയ ഹാജിമാർക്ക് ജിദ്ദ എയർപോർട്ടിൽ നേരിടേണ്ടിവന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നടപ്പു വർഷം ഈ അവസ്ഥ വരാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപ്പു വർഷം കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന ഹാജിമാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നടപടികൾ സ്വീകരിച്ചു വരുന്നു.

കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകരുടെ സൗകര്യങ്ങൾ

37 [2174] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്ക് കേന്ദ്ര സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാന സർക്കാർ ഹജ്ജ് തീർത്ഥാടകർക്കുവേണ്ടി ഏർപ്പെടുത്തുന്ന സൗകര്യത്തെക്കുറിച്ച് വിശദീകരിക്കാമോ;

(സി) ഹജ്ജ് തീർത്ഥാടന യാത്രക്കായി പ്രത്യേക കേന്ദ്രങ്ങൾ സംസ്ഥാനത്ത് ഉണ്ടോ; അവ ഏവിടെയെല്ലാമെന്നും അവിടെ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടെന്നും വിശദീകരിക്കാമോ;

(ഡി) കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്ക് മെച്ചപ്പെട്ട താമസ സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും കേന്ദ്ര സർക്കാർ ഏർപ്പെടുത്തുന്നുണ്ട്. മലയാളികളായ ഹാജിമാരുടെ സേവനത്തിനായി കേരളത്തിൽ നിന്ന് മലയാളികളായ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഹജ്ജ് സീസണിൽ സൗദിയിലേക്ക് അയക്കുന്നു. ഹജ്ജ് സീസണിൽ എംബസിയിലും മറ്റും മലയാളികളായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) മുന്നൂറ് (300) ഹാജിമാർക്ക് ഒരാൾ എന്ന തോതിൽ ഹാജിമാരുടെ സേവനത്തിനായി വളണ്ടിയർമാരെ തെരഞ്ഞെടുത്ത് അയയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly